ഒരു കോടി രൂപ വരെ) ബോർഡിന്റെ നോർമൽ ഡവലപ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ 10 മെഗാവാട്ടിലധികം വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ഉള്ള നിയോജക മണ്ഡലങ്ങളുടെ വൈദ്യുതീകരണത്തിന് വൈദ്യുതി ബോർഡ് പ്രഖ്യാപിച്ച ഒരു കോടി രൂപയ്ക്ക് പുറമേ പ്രത്യേക ഫണ്ട് അനുവദിക്കുന്നതാണ്. കൂടാതെ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി/പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി മാറുന്നതാണ്. ഇതിനായി വനത്തിൽ കൂടി ലൈൻ വലിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പിന്റെയും പ്രോപ്പർട്ടി ക്രോസിംഗ് അനുമതി ലഭിക്കാത്ത കേസുകളിൽ ജില്ലാ മജിസ്ട്രേറ്റിന്റെയും അനുമതി വാങ്ങേണ്ടതുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ 500 MW സ്ഥാപിതശേഷി വർദ്ധിപ്പിക്കാമെന്നാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വൻകിട പദ്ധതികളായ അതിരപ്പിള്ളി (163 MW), പൂയംകുട്ടി (210 MW) പദ്ധതി എന്നീ പദ്ധതികൾ ക്ളിയറൻസ് കിട്ടാത്തതിനാൽ നടപ്പാക്കാനായിട്ടില്ല.

(സി) കഴിഞ്ഞ നാലുവർഷക്കാലത്ത് 204.15 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ പുഴിത്തോട് (4.8 MW), ഈ മാസം കമ്മീഷൻ ചെയ്യും. റാന്നി-പെരുനാട് പദ്ധതി (4 MW) മാർച്ച് മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നു. കൂടാതെ 129.75 MW-ന്റെ ഏഴ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 16.5 MW-ന്റെ മൂന്ന് പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. ഇതിനു പുറമേ 71.1 MW-ന്റെ നാല് പുതിയ പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 18.2 MW-ന്റെ ആറ് പുതിയ പദ്ധതികളുടെ ടെണ്ടർ ഈ സാമ്പത്തിക വർഷം തന്നെ ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങിയ വൈദ്യുതി

118(2371) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ എത്ര യൂണിറ്റ് എന്നും അതിന് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് അധിക ബാധ്യത വന്നിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത ബാധ്യത നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന് പുറത്തു നിന്നും കേന്ദ്ര വിഹിതം ഉൾപ്പെടെ വാങ്ങിയ വൈദ്യുതിയുടെ യൂണിറ്റ് താഴെ പറയും പ്രകാരമാണ്.

വർഷം	കേന്ദ്ര വിഹിതം (ദശലക്ഷം യൂണിറ്റ്)	ട്രേഡർമാർ മുഖേന (ദശലക്ഷം യൂണിറ്റ്)	മൊത്തം
2006-07	7747.71	...	7747.71
2007-08	7064.41	...	7064.41
2008-09	6625.86'	194.55	6820.41
2009-10	6928.96	229.80	7158.76
2010-11 (ഡിസംബർ 2010 വരെ)	5053.39	492.74	5546.13

2006-07 സാമ്പത്തിക വർഷം മുതൽ 2010 ഡിസംബർ വരെ സംസ്ഥാനത്തിനു പുറത്തു നിന്നും വാങ്ങിയ വൈദ്യുതിയുടെ ചെലവ് ചുവടെ ചേർക്കുന്നു :

വർഷം	(രൂപ കോടിയിൽ)
2006-07	1214.03
2007-08	1161.76
2008-09	1623.42
2009-10	1733.31
2010-11 (ഡിസംബർ വരെ)	1533.29
ആകെ	7265.81

(ബി) വൈദ്യുതി വാങ്ങൽ ചെലവടക്കം വിവിധ ഇനങ്ങളിലുള്ള ആകെ ചെലവും വൈദ്യുതി വില്പനയിലൂടെ ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വിടവിനെ അടിസ്ഥാനമാക്കിയാണ് ബോർഡിന്റെ അധിക ബാദ്ധ്യത കണക്കാക്കി പോരുന്നത്. വിവിധ ഇനങ്ങളിലായി ബോർഡിന്റെ ചെലവിലുണ്ടായ വർദ്ധനവു നിമിത്തം വിവിധ വർഷങ്ങളിൽ കണക്കാക്കിയിട്ടുള്ള റവന്യൂ കമ്മി ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

2007–08	91.29 കോടി രൂപ
2008–09	749.17 കോടി രൂപ
2009–10	1227.51 കോടി രൂപ

(സി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ട്രൂയിംങ്ങ് അപ്പ്രൈറ്റീഷൻ സമർപ്പിച്ച് പ്രസ്തുത റവന്യൂ കമ്മി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മാട്ടുപ്പെട്ടി ജലവൈദ്യുത പദ്ധതിയിൽ നിന്നും ഉത്പാദിപ്പിച്ച വൈദ്യുതി

119(2372) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികജാതിവർഗ്ഗക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാട്ടുപ്പെട്ടി ജലവൈദ്യുത പദ്ധതിയിൽ നിന്നും ഒരു വർഷം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും എന്നറിയിക്കുമോ ;

(ബി) ഇവിടെ 2009–10, 2010–11 സാമ്പത്തികവർഷ കാലയളവിൽ ഉത്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയെന്നറിയിക്കുമോ ;

(സി) ഈ കാലയളവിൽ എത്ര നാൾ വൈദ്യുതി ഉത്പാദനം നടന്നിട്ടുണ്ട് ;

(ഡി) പൂർണ്ണതോതിൽ ഇവിടെ വൈദ്യുതി ഉത്പാദനം നടത്താതിരുന്നതിന്റെ കാരണമെന്തെന്നറിയിക്കുമോ ;

(ഇ) ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് എന്തു തുകയ്ക്കുള്ള വൈദ്യുതി നഷ്ടമായെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാട്ടുപ്പെട്ടി ജലവൈദ്യുത നിലയത്തിന്റെ ശേഷി 2MW ആകുന്നു.

(ബി) 2009–10–ൽ 19,09,600 യൂണിറ്റും 2010–11–ൽ 23,50,800 യൂണിറ്റും വൈദ്യുതി ഉത്പാദിപ്പിച്ചു.

(സി) 2009–10–ൽ 74 ദിവസവും 2010–11–ൽ 103 ദിവസവും വൈദ്യുതി ഉത്പാദനം നടന്നിട്ടുണ്ട്.

(ഡി&ഇ) മൂന്നാർ പുഴയിൽ നീരൊഴുക്ക് ആവശ്യത്തിനുള്ളപ്പോൾ മാട്ടുപ്പെട്ടി നിലയം പ്രവർത്തിപ്പിക്കാതെ തന്നെ അതിന് താഴെയുള്ള പള്ളിവാസൽ നിലയം പ്രവർത്തിപ്പിക്കുന്നതിനുള്ള ജലം ലഭിക്കുന്നതാണ്. ഈ സമയത്ത് ഉദ്ദേശം മൂന്നു മാസത്തോളം മാട്ടുപ്പെട്ടി ഡാമിൽ ജലം സംഭരിക്കുകയാണ് ചെയ്യുന്നത്. 2009–10–ൽ 6 മാസവും, 2010–11–ൽ 6 മാസവും യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾ വേണ്ടിവന്നതുമൂലം ഉദ്ദേശം 6 Mu ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly